**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 457** **11-06-2024 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി തഴവ കോളേജ് കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിലെ കരുനാഗപ്പള്ളി തഴവ കോളേജിന് കിഫ്ബി മുഖേന കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയതെന്നും വ്യക്തമാക്കാമോ; | (എ) | കരുനാഗപ്പള്ളി മണ്ഡലത്തിലെ കരുനാഗപ്പള്ളി തഴവ കോളേജിന് കിഫ്ബി മുഖേന കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 13-11-2017-ലെ സ.ഉ (സാധാ) നം.285/2017/ഉ.വി.വ, 18-06-2020-ലെ സ.ഉ (സാധാ) നം.811/2020/ഉ.വി.വ എന്നീ ഭരണാനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി പരിശോധിക്കുകയും 25-02-2021-ലെ HED007-41/AE-1/2021/KIIFB നമ്പർ ഉത്തരവ് പ്രകാരം 13,54,81,493/- രൂപയുടെ ധനാനുമതി കിഫ്ബി നൽകുകയും ചെയ്തു. തുടർന്ന്, ഡി.എസ്.ആർ, ജി.എസ്.ടി, GRIHA എന്നിവയനുസരിച്ച് ടി ധനാനുമതിത്തുക 17-04-2024-ലെ HED007-40/APR-4/2024/KIIFB നമ്പർ ഉത്തരവ് പ്രകാരം 17,30,13,477/- രൂപയായി ഉയർത്തി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | തഴവ കോളേജിന് പുതുക്കിയ ധനാനുമതിത്തുക കിഫ്ബി അനുവദിച്ചിട്ടുണ്ടെങ്കിലും ടി തുക ചുരുക്കി പദ്ധതി നടപ്പാക്കാവുന്നതാണോ എന്ന് പരിശോധിച്ച ശേഷം ആയത് കിഫ്ബിയെ അറിയിച്ച് പുനരംഗീകാരം ലഭ്യമാക്കുന്നതിന് കിറ്റ്കോ യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച റിപ്പോർട്ട് കിറ്റ്കോ നാളിതുവരെ കിഫ്ബിയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി പരിശോധിച്ച് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി അംഗീകാരം നൽകാവുന്നതും ആയതിനു ശേഷം ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുമുള്ള നടപടികൾ കിറ്റ്കോ -യ്ക്ക് സ്വീകരിക്കാവുന്നതുമാണ്. |

| | | | |
|---|---|---|---|
| (സി) | സാങ്കേതികതയുടെ പേരിൽ കാലതാമസം വരുത്താതെ അടിയന്തരമായി സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | തഴവ കോളേജിന് പുതുക്കിയ ധനാനുമതിത്തുക കിഫ്ബി അനുവദിച്ചിട്ടുണ്ടെങ്കിലും ടി തുക ചുരുക്കി പദ്ധതി നടപ്പാക്കാവുന്നതാണോ എന്ന് പരിശോധിച്ച ശേഷം ആയത് കിഫ്ബിയെ അറിയിച്ച് പുനരംഗീകാരം ലഭ്യമാക്കുന്നതിന് കിറ്റ്കോ യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച റിപ്പോർട്ട് കിറ്റ്കോ നാളിതുവരെ കിഫ്ബിയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി പരിശോധിച്ച് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി അംഗീകാരം നൽകാവുന്നതും ആയതിനു ശേഷം ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുമുള്ള നടപടികൾ കിറ്റ്കോ - യ്ക്ക് സ്വീകരിക്കാവുന്നതുമാണ്. |
| (ഡി) | നിർമ്മാണപ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; കാലതാമസം കൂടാതെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | കിഫ്ബി അനുവദിച്ച പുതുക്കിയ തുക ചുരുക്കിക്കൊണ്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള ശിപാർശ കിറ്റ്കോ സമർപ്പിച്ച്, ആയതിന്മേൽ കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി യഥാസമയം ആരംഭിക്കുന്നതിനുള്ള നടപടികൾ കിറ്റ്കോ - യ്ക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ